**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (വനിതാക്ഷേമം) സ്ഥാനക്കയറ്റം ലഭിച്ച് വിട്ടുതൽ ചെയ്തപ്പോൾ, ടിയാൾ വഹിച്ചിരുന്ന ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ അധികച്ചുമതല, തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണവിഭാഗം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (വനിതാക്ഷേമം) ആയിരുന്ന ശ്രീമതി പുഷ്പ.ഡി-ക്ക് നല്കിയ ദാരിദ്ര്യ ലഘൂകരണവിഭാഗം പ്രോജക്റ്റ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 462/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 28.02.2019.**

പരാമർശം: 1) തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടറുടെ 07.08.2017-ലെ എ2/1317/2016/പി.എ.യു നമ്പർ നടപടിക്രമം

2) ഗ്രാമവികസന കമ്മീഷണറുടെ 19.11.2018-ലെ 389/എസ്റ്റാ.ഡി3/2018/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണവിഭാഗം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (വനിതാക്ഷേമം) ആയിരുന്ന ശ്രീമതി ആർ.രഞ്ജിത സ്ഥാനക്കയറ്റം ലഭിച്ച് വിട്ടുതൽ ചെയ്തപ്പോൾ, ടിയാൾ വഹിച്ചിരുന്ന ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ അധികച്ചുമതല, പരാമർശം (1) പ്രകാരം തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണവിഭാഗം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (വനിതാക്ഷേമം) ആയിരുന്ന ശ്രീമതി പുഷ്പ.ഡി-ക്ക് നല്കിയ ദാരിദ്ര്യ ലഘൂകരണവിഭാഗം പ്രോജക്റ്റ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നല്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണവിഭാഗം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (വനിതാക്ഷേമം) സ്ഥാനക്കയറ്റം ലഭിച്ച് വിട്ടുതൽ ചെയ്തപ്പോൾ, ടിയാൾ വഹിച്ചിരുന്ന ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ അധികച്ചുമതല, തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണവിഭാഗം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (വനിതാക്ഷേമം) ആയിരുന്ന ശ്രീമതി പുഷ്പ.ഡി-ക്ക് നല്കിയ ദാരിദ്ര്യ ലഘൂകരണവിഭാഗം പ്രോജക്റ്റ് ഡയറക്ടറുടെ പരാമർശം 1)-ലെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി പുഷ്പ.ഡി, അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (വനിതാക്ഷേമം).(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ